95 (3420) കർഷക ദിനാചരണം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ആഗസ്റ്റ് 17-ന് നടക്കുന്ന കർഷക ദിനാചരണം 1997-98 വർഷത്തിൽ നടന്നതിൽനിന്നും വ്യത്യസ്തമായിട്ടാണോ ആചരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) 1997-98 വരെ മാതൃകാ കർഷകരെ പഞ്ചായത്ത് തലത്തിലാണോ ആചരിച്ചിരുന്നത്;

(സി) ആചാരണത്തോടനുബന്ധമായി കൃഷിക്കാർക്ക് എന്തെല്ലാം പാരിതോഷികങ്ങൾ നൽകിയിരുന്നു;

(ഡി) എത്ര വിഭാഗങ്ങളിലുള്ള കൃഷിക്കാരെയാണ് ആദരിച്ചിരുന്നത്;

(ഇ) ഈവർഷം ഏതെങ്കിലും വിഭാഗങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ്;

(എഫ്) 1999-ലെ കർഷക ദിനാചരണത്തിൽ കർഷകരെ ആദരിക്കുമ്പോൾ പൊന്നാടയും 500 രൂപയും നൽകുന്നതിന് ഉദ്ദേശിക്കുന്നുവോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) അല്ല.

(ബി) കൃഷിഭവൻ തലത്തിലാണ് ആചരിക്കുന്നത്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന കർഷകരെ പൊന്നാട നൽകി ആദരിക്കാറുണ്ട്.

(ഡി) തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ എന്നിവർ ഉൾപ്പെടുന്ന അങ്ങു പേരെയാണ് ആദരിക്കുന്നത്.

(ഇ) ഇല്ല.

(എഫ്) മുൻ വർഷങ്ങളെപ്പോലെ പൊന്നാട മാത്രം നൽകി ആദരിക്കാനാണ് ഇപ്പോഴത്തെ തീരുമാനം.

96 (3421) കൃഷിക്ക് അനുവദിച്ച തുക

ശ്രീ. കെ. സുധാകരൻ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയെത്രയാണ്;

(ബി) ഈ പദ്ധതിപ്രകാരം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly